# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 14

18.03.2013 ൽ മറുപടിക്ക്

### കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി അബ്ദുള്ളക്കുട്ടി:<br>,, സണ്ണി ജോസഫ്:<br>,, ഐ.സി. ബാലകൃഷ്ണൻ:<br>,, വി.റ്റി ബൽറാം: | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ വേണ്ടി കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. വിമാനത്താവള നിർമ്മാണത്തിനായി ഇതിനകം 1277.93 ഏക്കർ സ്ഥലം രണ്ടു ഘട്ടങ്ങളിലായി ഏറ്റെടുക്കുകയും മൂന്നാം ഘട്ടത്തിൽ 783 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നുവരികയുമാണ്. കിൻഫ്രയെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയോഗിക്കുകയും, ഫണ്ട് കണ്ടെത്തുന്നതിനായി അഞ്ചു ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തു. വിമാനത്താവളത്തിന്റെ റൺവേ നിർമ്മിക്കുന്നതിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും മാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോട്ട് ലിമിറ്റഡിനെ (സിയാൽ) നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇന്റർഗ്രേറ്റഡ് പ്രൊജക്ട് കൺസൾട്ടൻസിയായി AECOMനെ നിയോഗിക്കുകയും ചെയ്തു. പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി പഠനത്തിനായി CESSനെ നിയോഗിക്കുകയും CESS പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി 06.11.2012ന് കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് പബ്ലിക് ഹിയറിംഗ് 18 .12. 2012ന് പൂർത്തിയാക്കി 23.01.2013ന് അന്തിമ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. 2013 ഫെബ്രുവരി |

| | | | |
|---|---|---|---|
| | | | 18-19 തീയതികളിൽ ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം രണ്ടാമത് അപ്രോച്ച് റോഡിന്റെ ഇന്റർ സെക്ഷൻ പ്ലാൻ സമർപ്പിക്കുന്നതിനും, ഊർജ്ജ ജല സംരക്ഷണ പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും, എയർപോർട്ട് നിർമ്മാണത്തിനുവേണ്ടിയുള്ള മണ്ണ് നീക്കലിന്റേയും മണ്ണ് നിക്ഷേപിക്കുന്നതിന്റേയും വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനയ്ക്കായി ടെണ്ടർ ക്ഷണിക്കുകയും എയർപോർട്ടിന്റെ എയർസൈഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ഇ.പി.സി കോൺട്രാക്ടിന്റെ യോഗ്യതാ ഘട്ടത്തിനുവേണ്ടി 19 അപേക്ഷകർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് സംബന്ധിച്ച് പഠനത്തിനായി CESS നെ നിയോഗിക്കുകയും , CESS പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കി 06.11.2012ന് കേരള പൊല്യൂഷ്യൻ കൺട്രോൾ ബോർഡിന് റിപ്പോർട്ട് സമർപ്പിക്കുകയും തുടർന്ന് പബ്ലിക് ഹിയറിംഗ് 18 .12. 2012ന് പൂർത്തിയാക്കി 23.01.2013ന് അന്തിമ റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും, 2013 ഫെബ്രുവരി 18-19 തിയ്യതികളിൽ ന്യൂഡൽഹിയിൽ ചേർന്ന കേന്ദ്ര എക്സ്പെർട്ട് അപ്രൈസൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം രണ്ടാമത് അപ്രോച്ച് റോഡിന്റെ ഇന്റർ സെക്ഷൻ പ്ലാൻ സമർപ്പിക്കുന്നതിനും, ഊർജ്ജ ജലസംരക്ഷണ പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും, എയർപോർട്ട് നിർമ്മാണത്തിനുവേണ്ടിയുള്ള മണ്ണ് നീക്കലിന്റെയും മണ്ണ് നിക്ഷേപിക്കുന്നതിന്റെയും വിവരങ്ങൾ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. |
| (സി) | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്; വിമാനത്താവളത്തിന്റെ വിശദമായ പ്രൊജക്ട് റിപ്പോർട്ടും മാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)നെ നിയോഗിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൾട്ടൻസിയായി AECOM |

| | | | |
|---|---|---|---|
| | | | നെ നിയോഗിക്കുകയും ചെയ്തു. സിയാൽ തയ്യാറാക്കിയ വിശദമായ പ്രൊജക്ട് റിപ്പോർട്ടും മാസ്റ്റർപ്ലാനും ഇന്റഗ്രേറ്റഡ് പ്രൊജക്ട് കൺസൾട്ടന്റ് റിവ്യൂ ചെയ്തുവരികയാണ്. |
| (ഡി) | വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | വിമാനത്താവള നിർമ്മാണ പ്രവർത്തനത്തിനായി യോഗ്യതയുള്ളവരുടെ അഭ്യർത്ഥനയ്ക്കായി (Request for Qualification RFQ), 2013 ജനുവരി മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും, 19 അപേക്ഷർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചുവരികയുമാണ്. |
| (ഇ) | കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതിയിലുണ്ടായിരുന്ന നിബന്ധനകളിൽ സംസ്ഥാന താല്പര്യത്തിന് അനുകൂലമായ ഇളവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഉണ്ട്. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ NOC 5 വർഷത്തേക്ക് നീട്ടിക്കിട്ടിയിട്ടുണ്ട്. പ്രതിരോധമന്ത്രാലയത്തിന് 10 ഏക്കർ സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനമാവുകയും ഒരു നേവൽ ഓഫീസറെ ബോർഡ് മെമ്പറായി ചേർക്കണമെന്നുള്ള നിബന്ധന ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ